"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം, മൂന്നാമത് എഡിഷൻ , (2025 ജനുവരി 7 - 13 ) സ്പോൺസർഷിപ്പ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.726/2024/TSM തീയതി,തിരുവനന്തപുരം, 23-12-2024

---

പരാമർശം:-

1. ബഹു കേരള നിയമസഭ സ്പീക്കറിൻറെ 28.10.2024 തിയതിയിലെ 16887/KL(AC)A1/2024/II/Leg നം കത്ത്.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06.12.2024 തിയതിയിലെ DOT/4202/2024-M1 നം കത്ത്.

**ഉത്തരവ്**

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാമത് എഡിഷൻ , 2025 ജനുവരി 7 മുതൽ 13 വരെ കേരള നിയമസഭാ സമുച്ചയത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ, വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും പുസ്തകകൂപ്പണുകളുടെ സ്പോൺസർഷിപ്പായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു കേരള നിയമസഭ സ്പീക്കർ പരാമർശം (1) പ്രകാരം കത്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വികരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാമത് എഡിഷൻ , 2025 ജനുവരി 7 മുതൽ 13 വരെ കേരള നിയമസഭാ സമുച്ചയത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ, വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും പുസ്തകകൂപ്പണുകളുടെ സ്പോൺസർഷിപ്പായി 3452-80-104-99-00-00-01-പിവി-വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക

പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും **₹2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം)** അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിൻറെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
സെക്രട്ടറി കേരള നിയമസഭ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള,തിരുവനന്തപുരം

സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ്ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ /ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reena P P
സെക്ഷൻ ഓഫീസർ
Date: 23-12-2024 15:20:33

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്